പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 588** **28-01-2026-ൽ മറുപടിയ്ക്ക്**

**ലോട്ടറി വകുപ്പിലെ ക്രമക്കേടുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. അനൂപ് ജേക്കബ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാന ലോട്ടറി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലോട്ടറി ക്ഷേമനിധി ഫണ്ടുമായി ബന്ധപ്പെട്ട് അടുത്തകാലത്ത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലോട്ടറി ക്ഷേമനിധിയിൽ ഇതുവരെ കണ്ടെത്തിയ ക്രമക്കേടുകൾ മൂലം സംസ്ഥാനത്തിന് സംഭവിച്ച ആകെ സാമ്പത്തിക നഷ്ടം എത്രയാണെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമായ കണക്കുകൾ നൽകുമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ അന്വേഷണത്തിൽ 14.93 കോടി രൂപയുടെ സാമ്പത്തിക തട്ടിപ്പ് നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

**(ബി)** പ്രസ്തുത അഴിമതികളിൽ ഉത്തരവാദിത്തം നിർണയിച്ച് ഏതെല്ലാം ഉദ്യോഗസ്ഥർക്കും/ വ്യക്തികൾക്കും എതിരെയാണ് നടപടികൾ ആരംഭിച്ചിട്ടുള്ളത്; ഇതുവരെ എത്രപേർക്കെതിരെയാണ് വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളത്; സർക്കാർ നഷ്ടം തിരികെ പിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

**മറുപടി:** പ്രസ്തുത ക്രമക്കേടിന് കാരണക്കാരനെന്ന് പ്രാഥമികമായി കണ്ടെത്തിയിട്ടുള്ള ഭാഗ്യക്കുറി ഡയറക്ടറേറ്റിലെ ക്ലാർക്ക് ശ്രീ. സംഗീത് കെ.-ക്കെതിരെ വകുപ്പുതല നടപടി ആരംഭിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ, ശ്രീ. സംഗീത് കെ.-യെ ഒന്നാം പ്രതിയായും, സ്വകാര്യ വ്യക്തിയായ ശ്രീ. അനിൽ കുമാർ സി.-യെ രണ്ടാം പ്രതിയായും, ഒന്നാം പ്രതിയുടെ സഹോദരനും സർക്കാർ ഉദ്യോഗസ്ഥനുമായ ശ്രീ. സമ്പത്ത് കെ.-യെ മൂന്നാം പ്രതിയായും ചേർത്ത് VC-6/2025-SIU-II നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി വരുന്നുണ്ട്. ധനകാര്യ (പരിശോധന) വകുപ്പിൽ നിന്നും ഇതുമായി ബന്ധപ്പെട്ട പരിശോധന നടത്തിയിരുന്നു. ടി വിഷയം നിലവിൽ വിജിലൻസ് അന്വേഷിച്ച് തുടർനടപടി സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ബോർഡിന്റെ മറ്റ് ഓഫീസുകളിൽ സമാനമായ അഴിമതികൾ നടന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനായി ജില്ലാ ധനകാര്യ (പരിശോധന) സ്ക്വാഡുകൾ മുഖേന അന്വേഷണം നടന്നു വരുന്നു. കൂടാതെ, പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പിൽ ആഭ്യന്തര അന്വേഷണവും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണങ്ങൾ പൂർത്തിയായി അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**(സി)** ഈ വിഷയത്തിൽ പോലീസ് കേസ്/FIR രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് അന്വേഷണം ഏൽപ്പിച്ചിരിക്കുന്നത്; അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; ലോട്ടറി ക്ഷേമനിധി അഴിമതിയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിങ്ങ് (ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ്) ഏതെങ്കിലും അന്വേഷണം/പ്രത്യേക പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത ക്രമക്കേടിന് കാരണക്കാരനെന്ന് പ്രാഥമികമായി കണ്ടെത്തിയിട്ടുള്ള ഭാഗ്യക്കുറി ഡയറക്ടറേറ്റിലെ ക്ലാർക്ക് ശ്രീ. സംഗീത് കെ.-ക്കെതിരെ വകുപ്പുതല നടപടി ആരംഭിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ, ശ്രീ. സംഗീത് കെ.-യെ ഒന്നാം പ്രതിയായും, സ്വകാര്യ വ്യക്തിയായ ശ്രീ. അനിൽ കുമാർ സി.-യെ രണ്ടാം പ്രതിയായും, ഒന്നാം പ്രതിയുടെ സഹോദരനും സർക്കാർ ഉദ്യോഗസ്ഥനുമായ ശ്രീ. സമ്പത്ത് കെ.-യെ മൂന്നാം പ്രതിയായും ചേർത്ത് VC-6/2025-SIU-II നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി വരുന്നുണ്ട്. ധനകാര്യ (പരിശോധന) വകുപ്പിൽ നിന്നും ഇതുമായി ബന്ധപ്പെട്ട പരിശോധന നടത്തിയിരുന്നു. ടി വിഷയം നിലവിൽ വിജിലൻസ് അന്വേഷിച്ച് തുടർനടപടി സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ബോർഡിന്റെ മറ്റ് ഓഫീസുകളിൽ സമാനമായ അഴിമതികൾ നടന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനായി ജില്ലാ ധനകാര്യ (പരിശോധന) സ്ക്വാഡുകൾ മുഖേന അന്വേഷണം നടന്നു വരുന്നു. കൂടാതെ, പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പിൽ ആഭ്യന്തര അന്വേഷണവും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണങ്ങൾ പൂർത്തിയായി അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**(ഡി)** ഭാവിയിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാനായി ലോട്ടറി ക്ഷേമനിധിയുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും സാമ്പത്തിക നിയന്ത്രണവും ഉറപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ളതോ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതോ ആയ പരിഷ്കാര നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**<u>മറുപടി:</u>** ലോട്ടറി ക്ഷേമനിധിയുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും സാമ്പത്തിക നിയന്ത്രണവും ഉറപ്പാക്കുന്നതിനായി ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നല്കിയിട്ടുണ്ട്:-

1. ക്ഷേമനിധി ബോർഡിന്റെ വാർഷിക അക്കൗണ്ടുകൾ അംഗീകൃത ചാർട്ടേർഡ് അക്കൗണ്ടന്റ് മുഖേന ഓഡിറ്റ് ചെയ്ത് അതത് വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സഹിതം ബോർഡിന്റെ അംഗീകാരത്തോടെ എല്ലാ വർഷവും ജൂലൈ 31-ന് മുമ്പായി സർക്കാരിൽ ലഭ്യമാക്കുക.
2. ബോർഡിന് അക്കൗണ്ടിംഗ് ചട്ടങ്ങളും ഓഫീസ് മാന്വലുകളും പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
3. ബോർഡിന്റെ ആസ്ഥാന ഓഫീസിലെയും ജില്ലാ ഓഫീസുകളിലെയും ജീവനക്കാരുടെ ജോലികളും ചുമതലകളും നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
4. ബോർഡിന്റെ വാർഷിക കണക്കുകളിൽ Receipt & Payment Account ഉൾപ്പെടുത്തുന്നതിനും Institute of Chartered Accountant of India (ICAI) പുറപ്പെടുവിച്ച Standard on Accounts

(SaS), Technical Guide on Accounting for Not-for Profit-Organisation-ന്റെയും മാനദണ്ഡങ്ങൾ പാലിച്ച് വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിക്കുക.

5. ബോർഡിൽ നിലവിൽ ഉപയോഗിക്കുന്ന LOTWIS സോഫ്റ്റ്‌വെയറിലെ അപാകങ്ങൾ പരിഹരിച്ച് ബോർഡിന്റെ എല്ലാ ഇടപാടുകളും പൂർണ്ണമായി സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിൽ നടത്തുന്ന തരത്തിൽ സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

6. ബോർഡിന്റെ പണഇടപാടുകൾ പരമാവധി കാഷ്‌ലെസ് ആയി നടപ്പിലാക്കുന്നതിനും നേരിട്ടുള്ള പണ ഇടപാടുകൾ പരമാവധി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**സെക്ഷൻ ഓഫീസർ**